# സൃഷ്ടി



## ഡിജിറ്റൽ മാഗസിൻ

എൻ.ഐ.വി.എച്ച്.എസ്.എസ്

മാറംപള്ളി

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

# ആശംസകൾ

**എൻ.ഐ.വി.എച്ച്.എസ്.എസ്,മാറംപള്ളി , ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ നേതൃത്വത്തിൽ നിർമ്മിച്ച ഇ-മാഗസിൻ വിജ്ഞാനപ്രദവും കൗതുകകരവുമായ നിരവധിസാഹിത്യസൃഷ്ടികൾഉൾക്കൊള്ളുന്നതാണെന്നറിയുന്നു.വിജ്ഞാനത്തിന്റെപ്രകാശംകുരുന്നുകളിലേക്ക് പകരട്ടെ.**



**ആശംസകളോടെ...**

**ലിസ്സി ജോൺ.**

**(പ്രധാനാധ്യാപിക)**



# N I V H S S Marampally

പെരിയാറിന്റെ തീരത്ത് വാഴക്കുളം പഞ്ചായത്തി

ലെ കുന്നത്തുകര ഗ്രാമത്തിൽ 1983 ജൂൺ 1 ന്

പ്രവർത്തനം ആരംഭിച്ചു. 36 വർഷം പിന്നിട്ട

ഈ വിദ്യാലയം ഇപ്പോൾ ആലുവ വിദ്യാഭ്യാസ

ജില്ലയിലെ മെച്ചപ്പെട്ട സ്കൂൾ ആയി നിലനിൽക്കുന്നു

# ഉള്ളടക്കം

## Table of Contents

ലിറ്റിൽ കൈറ്റ് യൂണിറ്റ്.....5
മികവുകൾ.....6
പണ്ടത്തെ പാട്ടുകൾ.....7
ആതിരക്കളി.....8
Umbro, the Ultra.....10
Smart Umbrella.....10
Bird.....10
കത്തി.....11
ശശിയായ.....11
അപ്പൂപ്പൻ.....11
Ricky, the Red -.....14
Eyed Rabbit.....14
തെംസ്നദിയോട്.....15
സത്യത്തെ.....16
സ്നേഹിച്ച.....16
സന്യാസി.....16
ANOTHER.....19
CHANCE.....19
മരപ്പട്ടിയുടെ ബുദ്ധി.....21
ഊഞ്ഞാൽപ്പാട്ട്.....23
കോട്ടിന്റെവില.....24
അനുസരണക്കേട്.....26
കാണിച്ചാൽ.....26

**ലിറ്റിൽ കൈറ്റ് യൂണിറ്റ്**



# ലിറ്റിൽ കൈറ്റ് യൂണിറ്റ് 2018-2020

# മികവുകൾ







അൽഫിയ മോൾ പി എസ്




ഫാത്തിമ കെ ബി



**ഫാത്തിമ ഫർഹാൻ**



ഷൻസിന എം സലീം




മുഹമ്മദ് ആദിൽ കെ ആർ



മുഹമ്മദ് നഹാസ്



മുഹമ്മദ് റയാൻ



ശ്രീലക്ഷ്മി പി കെ

# പണ്ടത്തെ പാട്ടുകൾ



നമ്മുടെ മാതാവു-കൈരളി-പണ്ടൊരു
പൊന്മണിപ്പൈതലായ് വാണകാലം-
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കാലം
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം.

പണ്ടത്തെപ്പാട്ടുകൾ(വള്ളത്തോൾ)

അഫ്ന എസ് എസ്

# ആതിരകളി




മാംഗല്യമാകും
ധനുമാസത്തിൽ
മാരാരി തിരുനാൾ തിരുവാതിര
മാംഗല്യം വേണമെതിക്കെനിക്ക്
നോറ്റു കുളിച്ചുടൻ മാറ്റുടുത്തു
പാർവ്വതി ദേവിയും തോഴിമാരും
പാട്ടിനും നല്ല കളിക്കും പിന്നെ
വാട്ടം കൂടാതെ വരം തരേണം!

സഫ്ന സിനോജ്

# Umbro, the Ultra

## Smart Umbrella

## Bird



Umbro,the umbrella
bird sits under the sun,
Waiting for his uncle to bring a bun,
Down went the sun and up came the moon,
Umbro,the umbrella bird wished his uncle came soon .

Prayag shangar

# കത്തി

ആരാന്റെ കത്തി
എന്നെ വന്ന് കൊത്തി
ഞാനൊരു തട്ട്
കത്തി രണ്ട് കഷ്ണം

സഫ്ന കെ എ



# ശരിയായ അപ്പൂപ്പൻ



ഒരിടത്ത് ഒരു അപ്പൂപ്പനും അമ്മൂമ്മയും ഉണ്ടായിരുന്നു. ഒരിക്കൽ അവർ കാട്ടിൽ വിറക് വെട്ടാൻ പോയി. വിറക് വെട്ടിക്കഴിഞ്ഞ് അവർ അപ്പം ചുടാൻ തീരുമാനിച്ചു.

അപ്പം ചുട്ടത് 7 എണ്ണം ആയിപ്പോയി. അപ്പോഴേക്കും മാവ് തീർന്നു. അപ്പുപ്പൻ പറഞ്ഞു: വിറക് വെട്ടിയത് ഞാനാ അതിനാൽ എനിക്ക് 4 അപ്പം നിനക്ക് 3 അപ്പം. അമ്മൂമ്മ സമ്മതിച്ചില്ല. അപ്പം ചുട്ടത് ഞാനാ,അതിനാൽ എനിക്ക് 4 അപ്പം.അങ്ങനെ അവർ തമ്മിൽ വഴക്കായി.

ഒടുവിൽ അമ്മൂമ്മ പറഞ്ഞു: നമുക്ക് ഒരു പന്തയം വെക്കാം. നമുക്ക് മിണ്ടാതെ കിടക്കാം ആര് ആദ്യം മിണ്ടുന്നുവോ അയാൾക്ക് 3

അപ്പം മറ്റേയാൾക്ക് 4 അപ്പം. അപ്പൂപ്പൻ സമ്മതിച്ചു. അങ്ങനെ അവർ മിണ്ടാതെ കിടന്നു.

അപ്പോഴാണ് ആ വഴി പാൽക്കാരൻ വന്നത്.പാൽക്കാരൻ വന്ന് അവരെ 2 പേരേയും മാറി മാറി വിളിച്ചു. 2 പേരും അനങ്ങുന്നില്ല. അവർ മരിച്ചതായിരിക്കും എന്ന് കരുതി പാൽക്കരൻ നാട്ടുകാരെ വിളിച്ചു വരുത്തി
ശവസംസ്കാരം ചെയ്യാൻ തിരുമാനിച്ചു.

അങ്ങനെ നാട്ടുകാർ 2 കുഴി വെട്ടി അപ്പൂപ്പനെ  കുഴിയിൽ കിടത്തി, അമ്മൂമ്മയെ കുഴിയിൽ കിടത്തി മണ്ണിട്ടപ്പോൾ അമ്മൂമ്മ "അയ്യോ".......... എന്ന് നിലവിളിച്ചു. അപ്പോൾ അപ്പൂപ്പൻ "ഞാൻ ജയിച്ചേ........."എന്നും പറഞ്ഞ്
കുഴിയിൽ നിന്നും എണീറ്റ് ഓടി.നാട്ടുകാർ ഒന്നും മനസ്സിലവാതെ നോക്കി നിന്നു.

അപ്പൂപ്പൻ ഓടി

അടുക്കളയിലെത്തിയപ്പോൾ
അതാ ഒരു പൂച്ച അപ്പം കട്ട് തിന്നുന്നു.
അപ്പൂപ്പൻ ശശിയായി .

ഫാത്തിമ കെ ബി

# Ricky,the red-eyed Rabbit

Ricky, the red-eyed rabbit was
singing a rhyme,

*Racing by the river all the*
*time,*
*To find a red carrot was his wish,*
But all he found was a white
radish.

*Ahammed Althaf*

# തെംസ്നദിയോട്

ആരോ പറയുന്നു തെംസ്നദീ, നിന്നോടു
  മൂകാനുരാഗം കാലർന്നൊരാൾ വന്നപോൽ
ആകെയിരുണ്ടു തളർന്നിഴയുന്ന നിൻ
  യാതന കണ്ടാ മിഴികൾ നിറയവേ



രണ്ടുതുള്ളിച്ചുടുനീർ നിൻ കറുപ്പാർന്ന
 നെഞ്ചത്തു വീണപോൽ, അദ്ഭുതം
പെട്ടെന്നു
പുഞ്ചിരിക്കൊള്ളാൻ തുടങ്ങിപോൽ തെംസ്നദി!
  ആ രാഗമലലായ് ദീപ്റമാം യത്നമായ്-
ത്തീരവേ രണ്ടു കരങ്ങളൊരായിരം
  ധീരഹസ്തങ്ങളായ് മാറി, നിൻ നിർജീവ-
വാരിയെക്കോരിക്കഴുകിയെടുത്തുപോൽ!

ഇന്നു നീ വീണ്ടും ചിരിച്ചൊഴുകുന്നപോൽ!
  നിൻമാറിലന്നങ്ങൾ വന്നിറങ്ങുന്നപോൽ
ളുമലർമൊട്ടുപോൽ പിന്നെയും നിൻ പ്രിയ
  സാമൺ തുടിച്ചു വിടർന്നു കളിപ്പുപോൽ!

തെംസ്നദിയോട്  (സുഗതകുമാരി)

ഫാത്തിമ നൗറിൻ എം എൻ

# സത്യത്തെ സ്നേഹിച്ച സന്യാസി



ഒരിക്കൽ തെനാലിയിൽ അതികഠിനമായ വരൾച്ചയുണ്ടായി. കുളങ്ങളും കിണറുകളും വറ്റി. നദിയിൽ ഒരു തുള്ളി വെള്ളംപോലുമില്ല . കൃഷിയൊക്കെ നശിച്ചു. നാട്ടിൽ മുഴുക്കേ പട്ടിണിയായി.

നാട്ടുകാർ കൂട്ടംകൂടി പ്രാർഥിച്ചു. മുനിമാർ മന്ത്രങ്ങൾ ചൊല്ലി, ഹോമം നടത്തി.

എന്തൊക്കെ ചെയ്തിട്ടും മഴ പെയ്യുന്നില്ല. അങ്ങനെയിരിക്കെ ഒരു വിഖ്യാതനായ സന്യാസി തെനാലി ദേശത്തെത്തി.

സന്യാസി നാട്ടിൽ കാലെടുത്തു വച്ചതോടെ മഴ തുടങ്ങി, നല്ല മഴ! നാട്ടിലെങ്ങും ഉത്സാഹം.

എല്ലാവരും മഹർഷിയെ വാഴ്ത്തി. “മഹർഷി വന്നതു കൊണ്ടാണ് മഴ പെയ്തത്. അല്ലെങ്കിൽ തെനാലി ഗ്രാമം മരുഭൂമിയായിപ്പോയേനേ,” ജനങ്ങൾ പറഞ്ഞു. 9

ആ സംസാരം ബുദ്ധിമാനായ തെനാലിരാമന് ഇഷ്ടമായില്ല. അവൻ പറഞ്ഞു:

"മഹർഷി വന്നതുകൊണ്ടല്ല മഴ പെയ്തത്. അദ്ദേഹം വന്നില്ലെങ്കിലും മഴ സമയത്തു പെയ്യുക തന്നെ ചെയ്യും."

"വെറുതെ വല്ലതും പറഞ്ഞ് മുനിയുടെ ശാപം മേടിക്കണോ, കുട്ടി?"

തങ്ങൾക്ക് ആരാധ്യനായ മഹർഷിയെ കൊച്ചാക്കി സംസാരിച്ചതിന്റെ പേരിൽ അവർ അവനെ തല്ലാൻപുറപ്പെട്ടു. അപ്പോൾ രാമൻ ഒരു കഥ പറയാൻതുടങ്ങി:

"കരിമ്പനയിൽ പനമ്പഴങ്ങൾ വീഴാറായി നില്ക്കുമ്പോൾ ഒരു
കാക്ക കരിമ്പനയിൽ ചെന്നിരുന്നു. കാക്ക ചെന്നിരുന്നതു കൊണ്ട്
കരിമ്പനയ്ക്ക് ഒരു അനക്കവും ഉണ്ടായില്ല. എങ്കിലും വീഴാൻ നിന്നിരുന്ന പനമ്പഴം താനെ താഴെ വീണു.അത് കണ്ട ഒരു വിഡ്ഢി പറഞ്ഞു: കാക്ക വന്നതുകൊണ്ടാണ് പനമ്പഴം വീണത് എന്ന്."

രാമൻ ഈ കഥ ജനങ്ങളോട് പറഞ്ഞുകൊണ്ടിരുന്ന സമയത്ത് ആ വഴിക്ക് പ്രശസ്തനായ ആ മഹർഷി വരാനിടയായി.

ജനങ്ങൾ മഹർഷിയോട് രാമൻ ഒരു ധിക്കാരിയാണെന്ന് ഒന്നിച്ച് വിളിച്ചു പറഞ്ഞു. അവർ പിന്നേയും രാമനെ തല്ലാൻ വട്ടം കൂട്ടി.

പക്ഷെ മഹർഷി അവരുടെ വാക്കുകൾ വിശ്വസിച്ചില്ല. വിവേകിയും വിജ്ഞാനിയുമായ അദ്ദേഹം രാമനോട് സംസാരിച്ചു. മഹർഷി രാമന്റെ അറിവുകണ്ട് അത്ഭുതപ്പെട്ടു.

രാമന്റെ ബുദ്ധിയേയും സ്വതന്ത്രചിന്തയേയും അദ്ദേഹം അഭിനന്ദിച്ചു.

"നീ ഇന്ന് പാതിരാക്ക് ഇവിടെ അടുത്തുള്ള കാളീക്ഷേത്രത്തിൽ പോകണം. അവിടെ ചെന്നിരുന്ന് മന്ത്രം ജപിക്കണം. ദേവി അനുഗ്രഹിക്കും." മഹർഷി രാമന് ജപിക്കാനുള്ള മന്ത്രം ഉപദേശിച്ചു കൊടുത്ത ശേഷം സ്ഥലം വിട്ടു.

ജനങ്ങൾ തങ്ങളുടെ വിഡ്ഢിത്തമോർത്ത് അന്യോന്യം നോക്കിനിന്നു.അവസാനം അവരും രാമന്റെ ബുദ്ധിയേയും ധൈര്യത്തേയും പ്രശംസിച്ചു.

ശ്രീലക്ഷ്മി പി.കെ

# ANOTHER CHANCE

How often we wish for
another chance

To make a fresh
beginning



A chance to blot out
mistakes

And change failure into
winning.

It does not take a new
day

To make a brand new start,

Shansina m salim

# My Grandmothers House

There is a house now far away where once
I received love...That woman died,
Among books,I was then too young
To read,and my blood turned cold like the moon.
How often I think of going
There,to peer through blind eyes of windows or
Just listen to the frozen air,
Or in wild despair pick an armful of
Darkness to bring it here to lie
Behind my bedroom door like a brooding
Dog...you cannot believe,darling
Can you,that I lived in such a house and
Was proud and loved...I who have lost
My way and beg now at strangers' doors to,
Receive love at least in small
change?

Muhammed Adhil K.R



# മരപ്പട്ടിയുടെ ബുദ്ധി

ഒരിടത്ത് ഒരു മരപ്പണിക്കാരൻ ഉണ്ടായിരുന്നു. അയാൾ മരം ചെത്താനായി കാട്ടിലേക്ക് പോയി. അയാൾ എത്ര ശ്രമിച്ചിട്ടും മരം ചെത്താൻ സാധിച്ചില്ല. ഒരു വശത്തേക്ക് ചെത്തുമ്പോൾ മറുവശത്തേക്ക് മരക്കഷ്ണം തെന്നി പോകുന്നു. അയാൾ കുറേ പ്രാവശ്യം ശ്രമിച്ചു. എത്ര ശ്രമിച്ചിട്ടും മരക്കഷ്ണം



തെന്നി പോകുന്നു. അയാൾക്ക് ദേഷ്യം വന്നു
സമയം ഉച്ചയായി. അയാൾ ഭക്ഷണം
കഴിക്കാൻ ഇരുന്നു. അപ്പോഴാണ് അയാൾ
ഒരു കാര്യം ശ്രദ്ധിച്ചത് മറ്റൊരാൾ
തിന്നു കളഞ്ഞ ഭക്ഷണം ഒരു പട്ടി തിന്നാൻ
വന്നു. പക്ഷെ പട്ടിയുടെയും അവസ്ഥ
മരപ്പണിക്കാരന്റേതായിരുന്നു.
പട്ടി ഒരു കാര്യം ചെയ്തു. ഇലയുടെ അറ്റത്ത്
ചവിട്ടിപ്പിടിച്ചു കൊണ്ട് ഭക്ഷണം കഴിക്കുന്നു.
മരപ്പണിക്കാരൻ വേഗം ഭക്ഷണം കഴിച്ച്
പട്ടി ചെയ്തത് പോലെ ചെയ്യാൻ നോക്കി.
ഇപ്രാവശ്യം ശരിയായി. മരപ്പണിക്കാരന്
സന്തോഷമായി.

നെദ്ഹ കെ എൻ

# ഊഞ്ഞാൽപ്പാട്ട്

ഊഞ്ഞാലേ മക്കാണീ
ഇരിയനെല്ലേ, പാച്ചോറെ
ഉണ്ടുണ്ടേ ഇരിക്കുമ്പം
ഓണം വന്ന് മൂടട്ടെ

**റിനു ഫാത്തിമ**



# കോട്ടിന്റെവില



ഒരു ജോടി ചെരുപ്പ് വാങ്ങാനാണ് ഹോജ ആ പീടികയിലേക്ക് കയറി ചെന്നത്.

ആദ്യം ചെരുപ്പ് എടുത്ത് തിരിച്ചും മറിച്ചും നോക്കിയെങ്കിലും അതിഷ്ടപ്പെട്ടില്ല. വില ചേദിച്ചപ്പോൾ 5 ദിർഹമും.

കടയാകെ അരിച്ചുപെറക്കിയ ഹോജക്ക് ഒരു കോട്ട് കണ്ടപ്പോൾ മനസ്സ് മാറി അതെടുക്കണമെന്നായി. ചെരുപ്പവിടെവെച്ച് കോട്ടിന്റെ വില ചോദിച്ചു. 5 ദിർഹം തന്നെ. “എങ്കിൽ കോട്ട് മതി”. കോട്ടും പൊതിഞ്ഞ് ഹോജ നേരെ ഇറങ്ങിനടന്നു.

അപ്പോൾ പീടികക്കാരൻ: “ഏയ്......നിങ്ങൾ പണം തന്നില്ല”.

ഹോജ: "അഞ്ച് ദിർഹമിന്റെ ചെരുപ്പവിടെ വച്ച് അതേ വിലയുള്ള കോട്ടാണ് ഞാൻ മേടിച്ചത്".

പീടികക്കാരൻ: "പക്ഷേ നിങ്ങൾ ചെരുപ്പിന്റെ വില തന്നിരുന്നില്ല." 16

ഹോജ: വാങ്ങാത്ത സാധനത്തിന്റെ വില ഞാനെ-ന്തിന് തരണം..........ഇത് നല്ല കഥ! ഇതും പറഞ്ഞ് ഹോജ നടന്നകന്നു.പീടികക്കാരൻഒന്നുംമനസ്സിലാവാതെ അന്തിച്ചു നിന്നു.

## അൽഫിയ മോൾ പി എസ്

# അനുസരണക്കേട് കാണിച്ചാൽ

ഒരിടത്ത് ഒരു കാട്ടിൽ




മുന്നഎന്നമാനുണ്ടായിരുന്നു..ഒരിക്കൽമുന്നകളിച്ചുകൊണ്ടിരിക്കുമ്പോണ് ഒരു മണി അവന്റെ കണ്ണിൽ പെട്ടത്.അവൻ ആ മണി വച്ച് കുറെ നേരം കളിച്ചു. ഇത് മുന്നയുടെ അമ്മ കാണുന്നുണ്ടായിരുന്നു. അമ്മ പറഞ്ഞു:മോനെ! ആ മണി കളഞ്ഞേക്കു . കാട്ടിൽ കാണുന്ന സാധനങ്ങളെ നമ്മൾ വിശ്യസിക്കരുത്. ഒരു പക്ഷേ അതൊരു കെണിയായിരിക്കാം. മുന്ന കേട്ടില്ല. അവൻ അത് കഴുത്തിൽ കെട്ടി

കൊണ്ട് നടന്നു. ഒരിക്കൽ അവൻ കൂട്ടുകാരുടെകൂടെ കാട്ടിൽ കളിക്കാൻ പോയപ്പോൾ അവിടെ വേട്ടക്കാർ വന്നു. എല്ലാ മാനുകളും ഓടി പോയി കൂട്ടത്തിൽ മുന്നായും ഓടി. പക്ഷെ അവന്റെ മണി കാരണം വേട്ടക്കാർക്ക് വേഗം പിടിക്കാൻ സാധിച്ചു. വേട്ടക്കാർ അവർ വെടി വച്ച് കൊന്നു. പാവം മുന്ന!

ഫാത്തിമ ഫർഹാൻ

നന്ദി



ഈ മാഗസിന് പിന്നിൽ പ്രവർത്തിച്ച എല്ലാ അദ്ധ്യാപകർക്കും സഹപാഠികൾക്കും ഞങ്ങളുടെ ഹൃദയത്തിന്റെ ഭാഷയിൽ നന്ദി പറയുന്നു.

ഞങ്ങൾ മുന്നേറട്ടെ......

ഞങ്ങളുടെ കർമ്മപദത്തിൽ......

# നന്ദിയോടെ......

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

എൻ ഐ വി എച്ച് എസ് എസ്

മാറംപള്ളി